12276
2/6/17

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ജയിൽ തടവുകാരുടെ മക്കൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ)നം.323/2017/സാനീവ തീയതി, തിരുവനന്തപുരം,30.05.2017

---

പരാമർശം: (1) 08.05.2014 ലെ സ.ഉ(സാധാ)നം.322/2014/സാനീവ.

(2) സാമൂഹ്യനീതി ഡയറക്ടറുടെ 07.04.2017 ലെ സി-2/15678/17 നമ്പർ കത്ത്.

(3) 26.04.2017 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവിൻ പ്രകാരം ജയിൽ അന്തേവാസികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ധനസഹായമായി, 5 വയസ്സിനു താഴെയുള്ള കുട്ടികൾക്കും ഒന്നു മുതൽ 5 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കും പ്രതിവർഷം 3000/- രൂപയും 6 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 5000/- രൂപയും +1, +2 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 7500/- രൂപയും സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 10,000/- രൂപയും നൽകി വരുന്നു. നിലവിലെ വിദ്യാഭ്യാസ സാഹചര്യങ്ങളുമായി തുലനം ചെയ്യുമ്പോൾ പ്രൊഫഷണൽ കോഴ്സുകൾക്ക് നൽകി വരുന്ന ധനസഹായം തികച്ചും അപര്യാപ്തമാണെന്നും ആയതിനാൽ ജീവപര്യന്തമോ വധശിക്ഷയ്ക്കോ ശിക്ഷിക്കപ്പെട്ട് ജയിൽ ശിക്ഷ അനുഭവിച്ചു വരുന്ന ജയിൽ തടവുകാരുടെ കുട്ടികൾക്ക് സംസ്ഥാനത്തിനകത്തുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിൽ ഡിഗ്രി തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിന് സർക്കാർ നിരക്കിലുള്ള ഫീസ് (വാർഷിക ഫീസും ഹോസ്റ്റൽ ഫീസും ഉൾപ്പെടെ) താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിച്ച് അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും വിവിധ കോഴ്സുകൾക്ക് ഫീസ് ഘടനയിൽ വ്യത്യാസമുള്ളതിനാൽ ഒരു കുട്ടിക്ക് പരമാവധി 1 ലക്ഷം രൂപ എന്ന നിബന്ധനയിൽ 75 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനായി 75 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-106-93(പി) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

I. **ധനസഹായം നൽകാവുന്ന കോഴ്സുകൾ**

സംസ്ഥാനത്തിനകത്തുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിലെ ഡിഗ്രി തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ (MBBS, B.VSc എന്നിവയ്ക്ക് സർക്കാർ കോളേജുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ).

## II.നിബന്ധനകൾ

1. ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം.
2. ജീവപര്യന്തമോ വധശിക്ഷയ്ക്കോ ശിക്ഷിക്കപ്പെട്ട തടവുകാരുടെ കുട്ടികൾ ആയിരിക്കണം.
3. നിർബന്ധമായും സർക്കാർ മെരിറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ആയിരിക്കണം.
4. ഹയർ സെക്കന്ററി തലത്തിൽ 70% മോ അതിലധികമോ മാർക്ക് ലഭിച്ചിരിക്കണം (കൂടുതൽ അപേക്ഷകരുണ്ടാകുന്ന പക്ഷം മാർക്കിന്റെ ശതമാനം മാനദണ്ഡമാക്കി മുൻഗണന നൽകുന്നതാണ്).
5. ഒരു കുടുംബത്തിൽ ഒന്നിൽ കൂടുതൽ കുട്ടികളുണ്ടെങ്കിലും ആനുകൂല്യം നൽകുന്നതാണ്.

## III. അപേക്ഷ സ്വീകരിക്കൽ

1. അതാത് ജയിൽ സൂപ്രണ്ടുമാർ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
2. അപേക്ഷയോടൊപ്പം റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കണം.
3. കോളേജിൽ നിന്നുള്ള വാർഷിക ഫീസ്, ഹോസ്റ്റൽ ഫീസ്, കോളേജിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ, IFS കോഡ്, സർക്കാർ/ എയ്ഡഡ് കോളേജ് ആണെന്നുള്ളതിന്റെ രേഖപ്പെടുത്തലുകൾ എന്നിവ സഹിതമുള്ള കോഴ്സ് സർട്ടിഫിക്കറ്റ് (സർട്ടിഫിക്കറ്റ് ഇഷ്യു ചെയ്ത തീയതി വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം).
4. ജയിൽ അന്തേവാസിയുടെയും കുട്ടിയുടെയും പേരുകൾ ഒരു റേഷൻ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ കുട്ടി തടവു ശിക്ഷ അനുഭവിക്കുന്ന വ്യക്തിയുടെ മകൻ/മകൾ എന്ന് തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കണം.
5. മാതാപിതാക്കൾ രണ്ടു പേരും ജയിൽ അന്തേവാസികൾ ആകുന്ന പക്ഷം കുട്ടിയെ സംരക്ഷിക്കുന്ന ബന്ധു എ.പി.എൽ ആണെങ്കിലും പ്രൊബേഷൻ ഓഫീസറുടെ എൻക്വയറി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം അപേക്ഷ പരിഗണിക്കാവുന്നതാണ്.

## IV. അപേക്ഷയിന്മേലുള്ള തുടർ നടപടി

ജയിൽ സൂപ്രണ്ടുമാർ അപേക്ഷകൾ പരിഗണിച്ച് ശുപാർശ സഹിതം സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ച് അർഹത നേടുന്ന പക്ഷം യഥാർത്ഥ വാർഷിക ഫീസും ഹോസ്റ്റൽ ഫീസും ഉൾപ്പെടുന്ന തുക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഒറ്റത്തവണയായി സാമൂഹ്യനീതി ഡയറക്ടർ ക്രഡിറ്റ് ചെയ്തു നൽകേണ്ടതാണ്.

2) നിലവിലുള്ള നിബന്ധനകൾക്കു പുറമേ ഏറ്റവും കുറഞ്ഞത് രണ്ടു വർഷമായി ജയിലിൽ കഴിയുന്ന കുറ്റവാളികളുടെ മക്കൾക്ക് മാത്രമേ ധനസഹായം അനുവദിക്കാവൂ എന്നും തുക ഈ-ഗ്രാന്റ്സ് ആയി നൽകണമെന്നുമുള്ള നിബന്ധനകൾക്കു കൂടി വിധേയമായി 26.04.2017 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം മേൽപ്പറഞ്ഞ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവപര്യന്തമോ വധശിക്ഷയ്ക്കോ ശിക്ഷിക്കപ്പെട്ട് ജയിൽ ശിക്ഷ അനുഭവിച്ചു വരുന്ന ജയിൽ തടവുകാരുടെ മക്കൾക്ക് ഡിഗ്രി തലത്തിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി മേൽപ്പറഞ്ഞ നിബന്ധനകൾക്കു വിധേയമായി ഒരു കുട്ടിക്ക് പരമാവധി 1 ലക്ഷം രൂപ എന്ന നിബന്ധനയിൽ സർക്കാർ നിരക്കിലുള്ള ഫീസ് (വാർഷിക ഫീസും ഹോസ്റ്റൽ ഫീസും ഉൾപ്പെടെ) അനുവദിച്ചും ഇതിലേയ്ക്കാവശ്യമായ 75,00,000/- രൂപ (എഴുപത്തിയഞ്ചു ലക്ഷം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-106-93(പി) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**മിനിആന്റണി ഐ.എ.എസ്**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ